# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 143**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

*"നിന്റെ വചനം സത്യം ആകുന്നു." (യോഹന്നാൻ 17:17)*

കർത്താവിൽ വാത്സല്യമുള്ളവരെ,

2024 ഡിസംബർ ഒന്നാം തീയതി ഞായറാഴ്ച വേദപുസ്തക ഞായർ ആയി സഭ ആചരിക്കുന്നു. അന്നേ ദിവസം ആരാധനയിൽ ബൈബിൾ സൊസൈറ്റിക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും, ദൈവത്താൽ പ്രചോദിതമായ ദൈവവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ധ്യാനിക്കുവാനും, തിരുവചനം ഏവർക്കും തങ്ങളുടെ ഹൃദയഭാഷയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യപ്രാപ്തിക്കായി ഔദാര്യദാനങ്ങൾ നൽകി മഹത്തരമായ സുവിശേഷവേലയിൽ പങ്കാളികളാകുവാനും ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ. കഴിഞ്ഞ നാളുകളിൽ നമ്മുടെ എല്ലാ ഇടവകകളിൽനിന്നും ബൈബിൾ സൊസൈറ്റിക്കു ലഭിച്ച പ്രാർത്ഥനകൾക്കും സ്തോത്ര ദാനങ്ങൾക്കും അകൈതവമായ നന്ദി അർപ്പിക്കുന്നു. ബൈബിൾ സൊസൈറ്റിയുടെ ശുശ്രൂഷകൾ അഭംഗുരം മുന്നോട്ടുപോകുന്നതിന്, സഭാമക്കളുടെ പ്രാർത്ഥനയും നിർലോഭമായ പിന്തുണയും തുടർന്നും പ്രതീക്ഷിക്കുന്നു.

ഭാരതജനതയ്ക്ക് ദൈവവചനം നൽകുവാൻ ദൈവം നിയോഗിച്ച ഏറ്റവും ബൃഹത്തായ എക്യുമെനിക്കൽ പ്രസ്ഥാനമാണ് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ. വേദപുസ്തക പരിഭാഷ, അച്ചടി, വിതരണം, തിരുവചനത്തിന്റെ ഇടപെടൽ, വിഭവ സമാഹരണം എന്നിവയിലൂടെ രണ്ട് നൂറ്റാണ്ടിലേറെയായി ഇന്ത്യയിൽ ബൈബിൾ സൊസൈറ്റി അതിന്റെ ശുശ്രൂഷ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു. ആഗോളതലത്തിൽ ബൈബിൾ സൊസൈറ്റിയിലൂടെ ഇതുവരെ 3666 ഭാഷകളിലേക്ക് തിരുവചനം വിവർത്തനം ചെയ്യുന്നതിനും, ഭാരതത്തിൽ 179 ഭാഷകളിലേക്ക് ബൈബിളുകളും; 70 ഭാഷകളിൽ ഓഡിയോ ബൈബിളുകളും, 22 ഭാഷകളിൽ ബ്രെയ്‌ലി ബൈബിളുകളും പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. ആംഗ്യഭാഷ ബൈബിൾ പദ്ധതിയിൽ *(Sign Language Bible)* യോനായുടെ പുസ്തകം പൂർത്തീകരിച്ച് പ്രകാശനം ചെയ്യുവാനും സാധ്യമായി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ഇപ്പോൾ 110 പരിഭാഷാ പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ 2036-ൽ 225-ാമത് വാർഷികം ആഘോഷിക്കുമ്പോൾ 225 ഭാഷകളിലേക്ക് ദൈവവചനത്തിന്റെ പരിഭാഷ പൂർത്തികരിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി നമുക്ക് പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം.

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ ബാംഗ്ലൂർ ആസ്ഥാനമായുള്ള കേന്ദ്ര ഓഫീസിലൂടെയും, 17 ഓക്സിലിയറികളിലൂടെയും, ഷില്ലോങ്ങിലുള്ള ട്രാൻസ്‌ലേഷൻ സെൻററിലൂടെയും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ദൈവവചനം പ്രദാനം ചെയ്യുന്നു. കേരള ഓക്സിലിയറിയുടെ 152 ബ്രാഞ്ചുകളെ 29 റീജിയണുകളായി തിരിച്ചു സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2024-2025 സാമ്പത്തിക വർഷം കേരള ഓക്സിലിയറി ഒരു കോടി അറുപതു ലക്ഷം രൂപ സമാഹരിച്ചു ബൈബിൾ സൊസൈറ്റി കേന്ദ്ര ഓഫീസിൽ അയച്ചുകൊടുക്കേണ്ടതാണ്. വേദപുസ്തക ഞായറാഴ്ച ലഭിക്കുന്ന സ്തോത്രകാഴ്ചയും പ്രത്യേക സംഭാവനകളും സഭാ ഓഫീസിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വേദപുസ്തകം തങ്ങളുടെ ഹൃദയഭാഷയിൽ ഇതുവരെയും ലഭിച്ചിട്ടില്ലാത്ത ആളുകൾക്ക്, ദൈവവചനം കരഗതമാകുവാൻ നിങ്ങളുടെ ചെറുതും വലുതുമായ സംഭാവനകൾ സഹായകരമാകുന്നു. ബൈബിൾ സൊസൈറ്റി കേരള ഓക്സിലിയറിയുടെ ബ്രാഞ്ചുകളുടെ പ്രവർത്തനത്തിലും വിഭവസമാഹരണത്തിലും നമ്മുടെ പട്ടക്കാരും ഇടവകജനങ്ങളും ആത്മാർത്ഥമായി പങ്കുചേരുവാൻ ഉത്സാഹിക്കുമല്ലോ. സത്യവചനത്തിന്റെ അനുവർത്തകരും പ്രഘോഷകരും ആയി ഈ നാളുകളിൽ ദൈവനാമ മഹത്വത്തിനായി ജീവിക്കുവാനും പ്രവർത്തിക്കുവാനും ദൈവം ഏവരെയും സഹായിക്കട്ടെ, സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 നവംബർ 18- ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**
**(പ്രസിഡന്റ്, കേരളാ ഓക്സിലിയറി)**